## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1228 | | | 02.05.2017-ൽ മറുപടിയ്ക്ക് |
|---|---|---|---|
| **സിറ്റി സാനിട്ടേഷൻ പദ്ധതി** | | | |
| **ചോദ്യം** | | | **ഉത്തരം** |
| **ശ്രീ.പി.കെ.ബഷീർ** | | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) | ദേശീയ നഗര ശുചീകരണ പരിപാടിയുടെ ഭാഗമായി സിറ്റി സാനിട്ടേഷൻ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി എന്നുമുതലാണ് ആരംഭിച്ചത്; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 20 നഗരസഭകളിൽ സാനിട്ടേഷൻ പ്ലാൻ തയ്യാറാക്കുന്ന നടപടി 2010 ൽ സ്വീകരിച്ചു. ഇതു കൂടാതെ 7 നഗരസഭകളുടെ സിറ്റി സാനിട്ടേഷൻ പ്ലാൻ തയ്യാറാക്കുന്ന നടപടി 2015ൽ സ്വീകരിച്ചു. |
| (ബി) | ഈ പദ്ധതിയിൽ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | തൃശ്ശൂർ കോർപ്പറേഷൻ, ആലുവ, കണ്ണൂർ, തലശ്ശേരി, തിരൂർ, കാഞ്ഞങ്ങാട്, ആറ്റിങ്ങൽ, പത്തനംതിട്ട, തൊടുപുഴ, ചാലക്കുടി, പെരിന്തൽമണ്ണ, വർക്കല, കൊടുങ്ങല്ലൂർ, നോർത്ത് പറവൂർ, ഗുരുവായൂർ, പൊന്നാനി, കൽപ്പറ്റ, കൊയിലാണ്ടി, തളിപ്പറമ്പ, കോട്ടയം, കരുനാഗപ്പള്ളി, പാല, മാവേലിക്കര, മരട്, ചിറ്റൂർ- തത്തമംഗലം, വടകര, കാസർകോഡ് മുൻസിപ്പാലിറ്റികൾ. |
| (സി) | ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഇതിനായി എത്ര ഫണ്ട് നൽകപ്പെട്ടിട്ടുണ്ട്;ആയതിൻപ്രകാരം പ്രസ്തുത സ്ഥാപനങ്ങൾ എന്തെല്ലാം പ്രവൃത്തികൾ ചെയ്തിട്ടുണ്ട്; അവ വിജയകരമായി തുടർന്നുവരുന്നുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ? | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിനായി ഫണ്ട് നൽകിയിട്ടില്ല. സിറ്റി സാനിട്ടേഷൻ ടാസ്ക് ഫോഴ്സ് രൂപീകരിച്ചു, വിവര ശേഖരണവും, വിശകലനവും നടത്തി ശുചിത്വ മേഖലയിലെ പ്രശ്നങ്ങൾ കണ്ടെത്തി അത് മറികടക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്കരിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ